File No.HEDN-F1/13/2019-HEDN

'ഭരണഭാഷ- മാതൃഭാഷ'

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - ജീവനക്കാര്യം - സ്ഥലംമാറ്റം - അട്ടപ്പാടി, മൂന്നാർ മേഖലകളിൽ സേവനമനുഷ്ഠിക്കുന്ന അദ്ധ്യാപക ജീവനക്കാർക്ക് പ്രത്യേക പരിഗണന നല്കി ഉത്തരവാകുന്നു.

**ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്**

**സ.ഉ.(സാധാ) നം.730/2019/ഉ.വി.വ തീയതി,തിരുവനന്തപുരം, 10/05/2019**

പരാമർശം:- 1 സ.ഉ(എം.എസ്)27/1994/ഉ.വി.വ തീയതി 21.02.1994.

2 കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 29.09.2018 - ലെ ബി2/32574/2018/കോ.വി.വ നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) ലെ ഉത്തരവ് പ്രകാരം കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള അദ്ധ്യാപകരുടെ സ്ഥലംമാറ്റ വ്യവസ്ഥകളിൽ കട്ടപ്പന, കോടഞ്ചേരി, എളേരിത്തട്ട്, കൽപ്പറ്റ, മാനന്തവാടി എന്നീ സ്ഥലങ്ങളിൽ സേവനമനുഷ്ഠിക്കുന്ന അദ്ധ്യാപകർക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് പ്രത്യേക പരിഗണന നല്കിയിരുന്നു. എന്നാൽ ടി ഉത്തരവിനു ശേഷം സ്ഥാപിതമായ അട്ടപ്പാടി, മൂന്നാർ കോളേജുകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് കൂടി പ്രസ്തുത പരിഗണന ബാധകമാക്കിക്കൊണ്ട് ഉത്തരവുണ്ടാകുന്നതിന് പരാമർശം (2) ലെ കത്ത് പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ശുപാർശ ചെയ്തിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശം (2) - ലെ ശുപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥ 3(എ), (ബി) പ്രകാരം പരാമർശിക്കുന്ന പ്രത്യേക പരിഗണന, അട്ടപ്പാടി, മൂന്നാർ മേഖലകളിൽ സേവനമനുഷ്ഠിക്കുന്ന അധ്യാപക ജീവനക്കാർക്ക് കൂടി ബാധകമാക്കിക്കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഹരി കുമാർ ജി
ഡെപ്യൂട്ടി സെക്രട്ടറി

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
നോഡൽ ഓഫീസർ (www.highereducation.kerala.gov.in)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ/ ഡയറക്ടർ, ഐ&പി.ആർ.ഡി
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ